കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കുമാരപുരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി11-1564/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

തീയതി: 06.01.2017
ഫോൺ – 0477 2252753
ഇ-മെയിൽ – ddhglfalpy@gmail.com

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കുമാരപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കുമാരപുരം ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡിക 2-2, 2-3 ഭാഗം 3 ലെ 3-3, 3-4, 3-11 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-എ.എൽ.പി/പി11-1564/16 തീയതി: 06.01.2017

# ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.05.2016 മുതൽ 20.12.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | സി.വൈ.സലിം, ഡപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റു നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം |
|---|---|
| 21.12.2016 മുതൽ 30.12.2016 വരെ | ശ്രീമതി.സജിതാദാസ് (ഓഡിറ്റ് ഓഫീസർ) |
| | ശ്രീ. ജി. അനിൽകുമാർ ആശാരി (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീ. പ്രദീപ്കുമാർ. ആർ (സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഗ്ലിനി വാലടിയിൽ | *01.04.2015 മുതൽ 30.10.2015 വരെ* |
| | ശ്രീ.ആർ.സുരേഷ് കുമാർ | 12.11.2015 മുതൽ 31.03.2016 വരെ |

സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷർ

| | | |
|---|---|---|
| ശ്രീ. എം.ശ്യാം കുമാർ | ധനകാര്യം | 01.04.2015– 30.10.2015 |
| ശ്രീമതി. സിന്ധു മോഹനൻ | | 12.11.2015– 31.03.2016 |
| ശ്രീമതി. ശാന്തമ്മ | ആരോഗ്യ വിദ്യാഭ്യാസം | 01.04.2015– 30.10.2015 |
| ശ്രീ. ഡി. സുഗേഷ് | | 12.11.2015– 31.03.2016 |
| ശ്രീ. ആർ. രാജേഷ് കുമാർ | ക്ഷേമകാര്യം | 01.04.2015– 30.10.2015 |
| ശ്രീമതി. തങ്കമ്മാൾ | | 12.11.2015– 31.03.2016 |
| ശ്രീമതി. ലതാ ശരവണ | വികസനം | 01.04.2015– 30.10.2015 |
| ശ്രീ. രഞ്ജിത്ത് സി.ആർ | | 12.11.2015– 31.03.2016 |
| കുറിപ്പ് :- 31.10.2015 മുതൽ 11.11.2015 വരെ അഡ്ഹോക് കമ്മിറ്റി. | | |

സി) നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | കാലയളവ് |
|---|---|---|
| ശ്രീ. പി.എ.ഗീവർഗ്ഗീസ് | സെക്രട്ടറി | *01.04.2015 – 31.03.2016* |
| ശ്രീ. ബാബുക്കുട്ടൻ നായർ.എസ് | അസിസ്റ്റന്റ് സെക്രട്ടറി | *01.04.2015 – 31.03.2016* |
| ശ്രീമതി. ബെറ്റി വർഗ്ഗീസ് | കൃഷി ഓഫീസർ | *01.04.2015 – 31.03.2016* |
| ശ്രീ. തോമസ് ജോൺ | വി.ഇ.ഒ | *01.04.2015 – 31.03.2016* |
| ശ്രീ. രാജൻ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | *01.04.2015 – 31.03.2016* |
| ഡോ.അരുണാ രാജ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | *01.04.2015 – 31.03.2016* |
| ശ്രീമതി. ജ്യോതി ലക്ഷ്മി | ഹെഡ്മിസ്ട്രസ്, ഗവ. യു.പി.എസ് | *01.04.2015 – 31.03.2016* |
| ശ്രീമതി. താര.വി | ഐ.സി.ഡി. എസ്. സൂപ്പർവൈസർ | *01.04.2015 – 27.01.2016* |
| ശ്രീമതി. ശ്രീല.ബി.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | *29.01.2016-31.03.2016* |
| ഡോ.ശ്രീനി.ആർ | മെഡിക്കൽ ഓഫീസർ, ആയുർവേദം | *01.04.2015 – 31.03.2016* |
| ഡോ.സൈറാ ബാനു | വെറ്ററിനറി സർജൻ | *01.04.2015 – 31.03.2016* |
| ഡോ.രാജേന്ദ്രൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | *01.04.2015-30.04.2015* |
| ഡോ.റ്റി.ജി.സിജി | | *01.05.2015 – 31.03.2016* |
| ശ്രീമതി. അശ്വതി.വി.ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | *01.04.2015 – 31.03.2016* |

<u>ഉള്ളടക്കം</u>


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ഇനം |
|---|---|---|
| *ഭാഗം – 1* | | |
| 1 | 1-1 മുതൽ 1-11 വരെ | പൊതു അവലോകനം |
| *ഭാഗം – 2* | | |
| 2 | 2-1 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്. |
| 3 | 2-2 | കെട്ടിട നിർമ്മാണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം. |
| 4 | 2-3 | പരസ്യ നികുതി ഈടാക്കുന്നില്ല. |
| 5 | 2-4 | കാലഹരണപ്പെട്ട സെക്യൂരിറ്റി നിക്ഷേപങ്ങൾ നിലനിർത്തുന്നു. |
| *ഭാഗം – 3* | | |
| 6 | 3-1 | ഗവ.എച്ച്.എസ്, പൊത്തപ്പള്ളിയിലേക്ക് അസംബ്ളി പന്തൽ - ഗുണഭോക്തൃ സമിതി നടപ്പിലാക്കിയ പ്രവൃത്തിക്ക് കരാറുകാരന്റെ നിരക്ക് അനുവദിച്ചിരിക്കുന്നു. |
| 7 | 3-2 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ടെണ്ടർ നിരസിക്കപ്പെട്ട കരാറുകാരന്റെ അക്കൗണ്ടിലേക്ക് തുക അനുവദിച്ചിരിക്കുന്നു. |
| 8 | 3-3 | കരാർ യഥാസമയം ചമക്കുന്നില്ല-കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല. |
| 9 | 3-4 | മണ്ണുഫില്ലിംഗ് പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്യുവലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. |
| 10 | 3-5 | കാലിത്തൊഴുത്ത് നിർമാണം - രേഖകൾ അപൂർണ്ണം |
| 11 | 3-6 | ഭവന നിർമാണം- ആദ്യഗഡു കൈപ്പറ്റി നിർമാണം പൂർത്തീകരിച്ചിട്ടില്ല |
| 12 | 3-7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി- മെറ്റീരിയൽ വർക്കുകൾ - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ് |
| 13 | 3-8 | പോക്കാട്ടുതല വട്ടുതല റോഡ് ടാറിംഗ്- നികുതി കോമ്പൌണ്ട് ചെയ്യാത്ത കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ്. |
| 14 | 3-9 | പാലിയേറ്റീവ് കെയർ- സർക്കാർ ഉത്തരവ് പൂർണ്ണമായും പാലിച്ചിട്ടില്ല |
| 15 | 3-10 | പാലിയേറ്റീവ് കെയർ നിർവ്വഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല. |
| 16 | 3-11 | തെരുവു നായ്ക്കളുടെ വന്ധ്യംകരണം- തുക വിനിയോഗിച്ചിട്ടില്ല |
| 17 | 3-12 | മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയതിലെ അപാകത -പഞ്ചായത്ത് ഫണ്ടിന് വരവ് നഷ്ടം. |

| ഭാഗം – 4 | | |
|---|---|---|
| 18 | 4-1 മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |

# ഭാഗം 1
## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 21.3.2015 തിയതിയിലെ I-ാം നം. തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| ബഡ്ജറ്റിന് അംഗീകാരം നൽകിയ തീയതി | ബഡ്ജറ്റ് പ്രകാരമുള്ളത് | | വാർഷിക കണക്ക് പ്രകാരമുള്ളത് | | ശതമാനം | |
|---|---|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് | വരവ് | ചെലവ് |
| 21.3.2015 | 11,33,02,287 | 11,21,90,674 | 4,93,59,155 | 4,16,75,665 | 43.56% | 37.14% |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളുടെ യഥാക്രമം 43.56%, 37.14% മാത്രമാണ് യഥാർത്ഥ വരവ് ചെലവുകൾ. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2015-16 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തമില്ല. മുൻ വർഷ വരവ് ചെലവ് കണക്കുകളെയും സ്ഥിതി വിവരകണക്കുകളെയും അടിസ്ഥാനമാക്കി യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2016 | 25.07.2016 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | | |
|---|---|---|
| മുന്നിരിപ്പ് | :- | 1,43,19,333 |
| വരവ് | :- | 3,50,39,822 |
| ആകെ | :- | 4,93,59,155 |
| ചെലവ് | :- | 4,16,75,665 |
| നീക്കിയിരിപ്പ് | :- | 76,83,490 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | TCചെയ്ത് ലഭിച്ച തുക. | തൻവർഷ അലോട്ട്മെന്റ്. | അലോട്ട്മെന്റിൽ നിന്നും പിൻവലിച്ച തുക. | ആകെ. 2+3+5 | ചെലവ് | TC ചെയ്ത് നൽകിയ തുക. | സർക്കാരിലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| വികസനഫണ്ട് പൊതുവിഭാഗം | 3542981 | 34,09,703 | 93,00,000 | 58,90,297 | 12842981 | 12842981 | 0 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 271500 | 0 | 1649000 | 1560938 | 1832438 | 1832438 | 0 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 271500 | 0 | 332000 | 7245 | 278745 | 7245 | 271500 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 262289 | 0 | 3401000 | 3351541 | 3613830 | 3613830 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 850650 | 0 | 2785000 | 2596753 | 3447403 | 3447403 | 0 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1180113 | 0 | 3605901 | 3605811 | 4785924 | 4785924 | 0 | 0 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 39202074 | 124 | 31845815 | 7 | 18 | 83% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. യൂത്ത് ക്ലബ്ബിന് സ്പോർട്ട്സ് കിറ്റ്
2. പട്ടിക വർഗ്ഗ ഗ്രൂപ്പിന് സ്വയം തൊഴിൽ പദ്ധതി(ചെണ്ടമേളം)

## 1-7 തനത് വരുമാനം.

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ 1.18 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3592838 | 3573384 | 19454 | -0.54% |
| നികുതിയേതര വരവുകൾ | 313660 | 291811 | 21849 | -6.96% |
| മറ്റുവരവുകൾ | 85624 | 79711 | 5913 | -6.9% |
| ആകെ | 3992122 | 3944906 | (-) 47216 | -1.18% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 5,47,800 | 395 |
| കർഷകതൊഴിലാളി പെൻഷൻ | 65,48,640 | 699 |
| വിധവാപെൻഷൻ | 81,99,360 | 735 |
| വാർദ്ധക്യകാലപെൻഷൻ | 54,34,440 | 710 |
| വികലാംഗപെൻഷൻ | 27,62,380 | 240 |
| അവിവാഹിത പെൻഷൻ | 8,94,480 | 78 |

| | | |
|---|---|---|
| വിവാഹധനസഹായം. | 3,30,000 | 11 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,075 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1996-ലെ കേ. പ. രാ. കരാർ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം കരാറുകാരുമായി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമക്കേണ്ടതും, ബന്ധപ്പെട്ട കക്ഷികളും, സാക്ഷികളും ഒപ്പ് വയ്ക്കേണ്ടതുമാണ്. എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് കാലയളവിൽ ചമച്ചിട്ടുള്ള മിക്ക കരാർ പത്രങ്ങളും വ്യവസ്ഥകൾ എഴുതി ഒപ്പിടാതെയും, സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം മാത്രം വാങ്ങി സൂക്ഷിച്ചിട്ടുള്ള നിലയിലാണ്. കരാറുകൾ ചമക്കുമ്പോൾ ചട്ട പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

മറ്റ് രജിസ്റ്ററുകൾ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫിസ് സംവിധാനം സൂചിക സോഫ്റ്റ് വെയറിൽ കൃത്യമായി ചെയ്ത് പോരുന്നു. ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.12.16, 17.12.16 | 11/16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 09.05.2007-22.05.2007 | 97-98 മുതൽ 2006-07 വരെ | എൽ.ബി.എ(എച്ച്.ക്യൂ)/ 111/ 8A/113/78/ 22.06.2007 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്.

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ ഒരു അർദ്ധ വർഷം അറുപത് ദിവസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2015 – 16 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകളുടെ പരിശോധനയിൽ ഗ്രാമ പഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ഇനി പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധ വർഷം തൊഴിൽ നികുതി ഈടാക്കിട്ടില്ല.

(1) കയർ സഹകരണ സംഘം നം.660, താമല്ലാക്കൽ (2) നൻമ സ്റ്റോർ നം. 1596 (3) നൻമ സ്റ്റോർ നം.1839, (4) നാച്വറൽ അമൃതം ഫുഡ് പ്രൊഡക്ട്സ് (5) ഗുരുദേവ ട്രസ്റ്റ്, എരിക്കാവ് (6) കയർ സഹകരണ സംഘം നം. 460, കാട്ടിൽ മാർക്കറ്റ് (7) എസ് & എച്ച് ബേക്ക് ഹൗസ് (8) എസ് & എസ് ഫിനാൻസിയേഴ്സ്.

കൂടാതെ താഴെ പറയുന്ന വ്യാപാരികളിൽ നിന്നും ഒന്നാം വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിലും രണ്ടാം അർദ്ധ വർഷത്തെ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ | ഡി & ഒ | വ്യാപാരിയുടെ / സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധ വർഷം |
|---|---|---|---|

| നം | രജിസ്റ്ററിലെ ക്രമ നം | | ഈടാക്കിയ തൊഴിൽ നികുതി (രൂപയിൽ) |
|---|---|---|---|
| 1 | 61 | വിജുമോൻ. ജെ | 1250 |
| 2 | 81 | സെക്രട്ടറി, സി. വി. ഡി. എസ് നം. 660 | 1250 |
| 3 | 87 | ലക്ഷ്മി കറീസ് | 1250 |
| 4 | 94 | ഗോപകുമാർ, തുണ്ടിൽ | 1250 |
| 5 | 110 | പ്രൊപ്രൈറ്റർ, എസ്.എസ്. ഫൈനാൻസിയേഴ്സ് | 1250 |

ഇപ്രകാരം ഈടാക്കാതെ പോയ നികുതി പിഴ സഹിതം ഈടാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 കെട്ടിട നിർമ്മാണ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണം.

ഗ്രാമപഞ്ചായത്ത് കെട്ടിട നിർമ്മാണത്തിനായി പെർമിറ്റ് നൽകുന്നതിൽ അനുവർത്തിച്ചുപോരുന്ന നടപടികളിൽ നിരവധി അപാകതകൾ കാണുന്നുണ്ട്. ഇതു സംബന്ധിച്ച് പഞ്ചായത്ത് തയ്യാറാക്കി സൂക്ഷിക്കുന്ന രജിസ്റ്റർ പൂർണ്ണമല്ല. രജിസ്റ്റർ പ്രകാരം ഓഡിറ്റ് വർഷം നിർമ്മാണ പെർമിറ്റിനായി ലഭിച്ചിട്ടുള്ളത് 186 അപേക്ഷകളാണ്. അപേക്ഷ ലഭിച്ചപ്പോൾ, അപേക്ഷകന്റെ പേര്, വിലാസം തുടങ്ങിയ വിവരങ്ങൾ, നിർമ്മാണം നടത്താനുദ്ദേശിക്കുന്ന കെട്ടിടത്തിന്റെ സ്വഭാവം, വിസ്തീർണ്ണം, തറവിസ്തീർണ്ണാനുപാതം, ഈടാക്കിയ ഫീസ് എന്നിവ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ക്രമ നമ്പർ 4 മുതൽ അവസാനത്തെ ക്രമ നമ്പരായ 186 വരെയുള്ള അപേക്ഷകളിൽ നൽകിയ പെർമിറ്റ് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

കൂടാതെ മുൻ വർഷങ്ങളിൽ ലഭിച്ച അപേക്ഷകളുടെ കാര്യത്തിൽ, നിർമ്മാണത്തിന് അനുമതി നൽകി മൂന്ന് വർഷം കഴിഞ്ഞ കെട്ടിടങ്ങൾ പണി പൂർത്തിയാക്കി നികുതി നിർണ്ണയം നടത്തിയതിന്റെയോ, നിർമ്മാണ പെർമിറ്റ് പുതുക്കി നൽകിയിട്ടുള്ളതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. പുതിയതായി കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തി ഡിമാന്റ് രജിസ്റ്ററിൽ ഉൾപ്പെടുത്തുമ്പോൾ, പ്രസ്തുത വിവരം പെർമിറ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല. ഇതു കാരണം നിർമ്മാണാനുമതി ഇല്ലാതെ പൂർത്തിയാക്കപ്പെടുന്ന കെട്ടിടങ്ങൾ അസസ്സ് ചെയ്യപ്പെടുമ്പോൾ കൃത്യമായ റഗുലറൈസേഷൻ നടക്കാതെ പോവുക, നേടിയ അനുമതിയിൽ നിന്നും വ്യതിചലിച്ച് നടത്തിയിട്ടുള്ള നിർമ്മാണങ്ങൾ കണ്ടുപിടിക്കപ്പെടാതെ പോവുക എന്നിവയ്ക്കും തൽ ഫലമായി പഞ്ചായത്തിന് വരുമാന നഷ്ടത്തിനും സാധ്യത സൃഷ്ടിക്കപ്പെടുന്നുണ്ട്. അനധികൃത നിർമ്മാണ പ്രവർത്തികൾ തിരിച്ചറിയപ്പെടാതെയും പോകാം.

മേൽ പറഞ്ഞപ്രകാരം നിർമ്മാണ പ്രവർത്തികൾ വേണ്ട വിധം നിരീക്ഷിക്കപ്പെടാതെ പോകുന്നതിനാൽ, ഫലത്തിൽ നികുതി നിർണ്ണയത്തിനായി പഞ്ചായത്തിനെ കെട്ടിട ഉടമകൾ സ്വയം സമീപിക്കുമ്പോൾ മാത്രമേ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തപ്പെടുന്നുള്ളൂ എന്ന അവസ്ഥയാണ് നില നിൽക്കുന്നത്.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിന്റെ വലിയ പങ്കം വസ്തു നികുതിയിൽ നിന്നും ലഭ്യമാകുന്നതാണെന്നിരിക്കെ, നിർമ്മാണ പെർമിറ്റ് നൽകുന്നതിലും, നികുതി നിർണ്ണയം നടത്തുന്നതിലും നിലനിൽക്കുന്ന പാളിച്ചകൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ നിർവ്വഹണം നടത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതി അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. കൂടാതെ ഈ വിഷയത്തിൽ ശ്രദ്ധയും നിരീക്ഷണവും പുലർത്തുന്നതിന് ഭരണ വകുപ്പിനോടും ശുപാർശചെയ്യുന്നു.

## 2-3 പരസ്യ നികുതി ഈടാക്കുന്നില്ല.

2015–16 സാമ്പത്തികവർഷം പരസ്യ നികുതി ഇനത്തിൽ പഞ്ചായത്തിന് വരവില്ല. എന്നാൽ നാഷണൽ ഹൈവേക്ക് തൊട്ടരികിലായി, ഗ്രാമ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലം ഉൾപ്പെടെ, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചു കൊണ്ടുള്ള ഹോർഡിംഗുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ചിട്ടുള്ളതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഇപ്രകാരം പരസ്യങ്ങൾ സ്ഥാപിച്ചവരിൽ നിന്നും നിയമ പ്രകാരമുള്ള പരസ്യ നികുതി ഈടാക്കിയിട്ടില്ല.

07.10.2013ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ യോഗം, പരസ്യ നികുതി ഈടാക്കുന്നതിനായുള്ള

ബൈലോയുടെ കരട് തയ്യാറാക്കി, പഞ്ചായത്തു കമ്മററിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്നതിന് തീരുമാനം എടുത്തെങ്കിലും, ഗ്രാമ പഞ്ചാത്ത് തുടർ നടപടികൾ സ്വീകരിച്ച് ബൈലോയ്ക്ക് സർക്കാർ അംഗീകാരം ഇതുവരെ വാങ്ങിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന പരസ്യ നികുതി ഈടാക്കുന്നതിനായി എത്രയും പെട്ടെന്ന തന്നെ ബൈലോയ്ക്ക് അന്തിമാംഗീകാരം വാങ്ങേണ്ടതാണ്.

## 2-4 കാലഹരണപ്പെട്ട സെക്യൂരിറ്റി നിക്ഷേപങ്ങൾ നിലനിർത്തുന്നു.

ഗ്രാമപഞ്ചായത്ത് 2004-05 വർഷം മുതൽ കോൺട്രാക്ടർമാർ, വിതരണക്കാർ എന്നിവരിൽ നിന്നും സെക്യൂരിറ്റി നിക്ഷേപമായും നിരത ദ്രവ്യമായും സ്വീകരിച്ച നിരവധി തുകകൾ അതേപടി നിലനിർത്തിപ്പോരുന്നു. നിശ്ചിത സമയത്തിനുള്ളിൽ തിരികെ നൽകപ്പെട്ടിട്ടില്ലാത്ത ഇത്തരം തുകകൾ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുതൽ കൂട്ടുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗവ.എച്ച്.എസ്, പൊത്തപ്പള്ളിയിലേക്ക് അസംബ്ളി പന്തൽ - ഗുണഭോക്തൃസമിതി നടപ്പിലാക്കിയ പ്രവൃത്തിക്ക് കരാറുകാരന്റെ നിരക്ക് അനുവദിച്ചിരിക്കുന്നു.

പ്രോജക്റ്റ് നം. – S0166/16

കൺവീനറുടെ പേര് – മധുസൂതനൻ

കരാർ നം /തീയതി – 57/AE/03.03.16

ചെലവ് വിവരം – 1,50,000(97/31.03.16);50,633(96/31.03.16)

എം ബുക്ക് നമ്പർ – 61/15-16

ഗവ.എച്ച്.എസ്, പൊത്തപ്പള്ളിയിലേക്ക് അസംബ്ളി പന്തൽ എന്ന പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

മേൽ പ്രവൃത്തിക്കായി 9 ഇനങ്ങളിലായി ആകെ 2,10,000/- രൂപയുടെ എസ്റ്റിമേറ്റാണ് (6% നികുതി ഉൾപ്പെടെ) തയ്യാറാക്കിയിരുന്നത്. എന്നാൽ മേൽ ഇനങ്ങളിലെല്ലാം 15% കരാറുകാരന്റെ ലാഭം, ഓവർ ഹെഡ്സ് എന്നിവ ചേർന്നുള്ള നിരക്കുകളാണ് ഉൾപ്പെടുത്തി അനുവദിച്ചത്. ഇനം 4, 6 എന്നിവയിൽ നിരീക്ഷണ ഡാറ്റായാണ് അനുവദിച്ചിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു. നിരീക്ഷണ ഡാറ്റായുടെ വിവരം ലഭ്യമാക്കി യിട്ടില്ലാത്തതിനാൽ ഇനം 4, 6 എന്നിവയിൽ അനുവദിച്ച തുകയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കൺവീനർ നടപ്പാക്കിയ പ്രവൃത്തിയ്ക്ക് സി.പി.യും ഓവർഹെഡ് ചാർജ്ജും അനുവദിച്ചത് മൂലം, താഴെപ്പറയും പ്രകാരം അധികമായി ചെലവ് ചെയ്ത 17,936/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല.

| ക്രമ നമ്പർ | ഇനം. നം | പ്രവൃത്തിയുടെ വിവരണം | അനുവദിച്ച അളവ്, നിരക്ക്, തുക | അനുവദിക്കേണ്ടുന്ന അളവ്, നിരക്ക്, തുക | അധികം അനുവദിച്ചത് |
|---|---|---|---|---|---|
| 1 | 2.8 | Earth work excavation | 2.16@229.49/$m^3$= 495.70 | 2.16@199.55/$m^3$= 431.03 | 64.67 |
| 2 | 4.1.8 | c.c 1:4:8 | 0.36$m^3$@6267.21/$m^3$= 2256.20 | 0.36$m^3$@5449.71/$m^3$= 1961.89 | 294.31 |

| | | | | | |
|---|---|---|---|---|---|
| 3 | 4.1.3 | c.c 1:2:4 | 1.215$m^3$@7964.95/$m^3$= 9677.41 | 1.215$m^3$@6926/$m^3$= 8415.09 | 1262.32 |
| 4 | Observed data | Providing GI pipe for piller | 35.40$m^3$@470/m= 16638 | 16638 | - |
| 5 | 10.1 | Structural steel work | 555kg@98.65/kg= 54750.75 | 555kg@85.94/kg= 47696.7 | 7054.05 |
| 6 | Observed data | Providing 0.3mm thick powder coated GI sheet for roofing | 77.50@462.40/$m^2$= 35836 | 35836 | - |
| 7 | 16.68 | Providing and laying 60 mm interlocking block | 72$m^2$@877.46/$m^2$= 63177.12 | 72$m^2$ @762.95/$m^2$= 54932.4 | 8244.72 |
| 8 | Observed data | Providing PVC rain wtr collection pipe | 15m@265/m= 3975 | 15m@265/m=3975 | - |
| 9 | Observed data | Providing 110mm PVC pipe for rain wtr collection | 19 m@130/m= 2470 | 19 m@130/m=2470 | - |
| | ആകെ | | 189276.18+6% (നികുതി)= 200633 | 172356.11+6% (നികുതി) =182697 | 16920 + 6% നികുതി = 17936 |

ഇതിനുപുറമെ ഗുണഭോക്തൃസമിതിയുമായി ബന്ധപ്പെട്ട രേഖകളായ മസ്റ്റർ റോൾ, സംയുക്ത ബാങ്ക് അക്കൗണ്ട് എന്നിവ ഹാജരാക്കിയിട്ടില്ല. ആകെ 68,624/- രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഫയലിനോടൊപ്പമുള്ളത്. ആകെ വരവ്-ചെലവ് കണക്കുകൾ തയ്യാറാക്കി ഗുണഭോക്തൃസമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

മേൽ പറഞ്ഞിട്ടുള്ള അപാകതകളിൻ മേൽ അടിയന്തിരമായി വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് എസ്റ്റിമേറ്റിനേക്കാൾ കുറഞ്ഞ തുകയാണ് ചെലവഴിച്ചത് എന്നാണ് മറുപടി നൽകിയത്. മറുപടി അംഗീകരിക്കുന്നില്ല. ഗുണഭോക്തൃസമിതി നടപ്പിലാക്കിയ പ്രവൃത്തിക്ക് കരാറുകാരന്റെ നിരക്ക് അനുവദിച്ചത് കാരണമുണ്ടായ അധിക ചെലവ് 17936/- രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണ്. പൂർണ്ണമായ ചെലവുരേഖകളുടെയും, വരവ് ചെലവ് കണക്കുകൾക്ക് ഗുണഭോക്തൃ സമിതിയുടെ അംഗീകാരത്തിന്റെയും അഭാവത്തിൽ ആകെ ചെലവിൽ നിരാകരിക്കപ്പെട്ട തുക ഒഴികെ 182,697/- (200633 – 17936) രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ടെണ്ടർ നിരസിക്കപ്പെട്ട കരാറുകാരന്റെ അക്കൗണ്ടിലേക്ക് തുക അനുവദിച്ചിരിക്കുന്നു.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ തൻവർഷം 4 പ്രവൃത്തികൾക്കാണ് കരാർ വെച്ച് നടപ്പിലാക്കിയത്. അതിൽ പുളിമൂട്ടിൽ മീനത്തേമൂലയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്, ഇടക്കണ്ണമ്പള്ളിൽ കൊടന്തറ ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്നീ പ്രവൃത്തികൾക്കായി 2 ടെണ്ടറുകളാണ് ലഭിച്ചത്. സഹദേവൻ എന്ന വ്യക്തി എസ്റ്റിമേറ്റ് നിരക്കിലും തോമസ് ഫിലിപ്പ് എസ്റ്റിമേറ്റിനേക്കാൾ 15% അധിക നിരക്കിലുമാണ് ടെണ്ടർ സമർപ്പിച്ചത്. എസ്റ്റിമേറ്റ് നിരക്ക് അംഗീകരിച്ച് രണ്ട് പ്രവൃത്തികളിലും സഹദേവൻ പഞ്ചായത്തുമായ് കരാർ ചമച്ചിട്ടുമുണ്ട് (യഥാക്രമം 30/15-16, 31/15-16). എന്നാൽ ഈ പ്രവൃത്തികളുടെ മെറ്റീരിയൽസിന്റെ തുക 3,93,587/- ടെണ്ടർ നിരസിക്കപ്പെട്ട കരാറുകാരനായ തോമസ് ഫിലിപ്പിന്റെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ / ഇൻവോയിസ് സഹദേവന്റെ പേരിലുള്ളതുമാണ്. രണ്ടാമത്തെ പ്രവൃത്തിയുടെ എം. ബുക്കിലും കരാറുകാരന്റെ പേര് തോമസ് ഫിലിപ്പ് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. സഹദേവൻ എന്ന വ്യക്തിയുടെ കരാർ രജിസ്ട്രേഷൻ രേഖകൾ ഹാജരാക്കേണ്ടതും ടെണ്ടർ നിരസിക്കപ്പെട്ട കരാറുകാരന്റെ അക്കൗണ്ടിലേക്ക് തുക അനുവദിക്കാനുണ്ടായ കാരണം വിശദീകരിക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഡാറ്റാ എൻട്രി നടത്തിയപ്പോൾ ക്ലറിക്കൽ മിസ്റ്റേക്ക് കാരണം സംഭവിച്ചതാണെന്നും തോമസ് ഫിലിപ്പിൽ നിന്നും തുക ഈടാക്കി സഹദേവന് നൽകിയെന്നുമാണ് മറുപടി നൽകിയിരിക്കുന്നത്. ആയത് വിശ്വസനീയമല്ല. ഇത് ബിനാമി ഇടപാടാണ് എന്നാണ് അനുമാനിക്കാവുന്നത്. മെറ്റീരിയൽ സപ്ലൈയുള്ള കരാർ നിഷേധിക്കപ്പെട്ടയാളിന് മെറ്റീരിയൽ വില ലഭ്യമാകാൻ ഇടയായ സാഹചര്യം അന്വേഷിക്കേണ്ടതാണ്. ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കരാർ യഥാസമയം ചമക്കുന്നില്ല-കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ 2012ൽ നിലവിൽ വന്ന പൊതുമരാമത്ത് മാന്യുവലിലെ നിബന്ധനകൾ പാലിക്കപ്പെടുന്നില്ല. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്താതെയാണ് സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയിരിക്കുന്നത്. പൊതുമരാമത്ത് മാന്യുവൽ സെക്ഷൻ 2009-6 പ്രകാരം സെലക്ഷൻ നോട്ടീസ് നൽകി 14 ദിവസങ്ങൾക്കകം കരാർ ചമക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ 1% പിഴ ഈടാക്കി കരാർ ചമക്കേണ്ടതും അല്ലാത്ത പക്ഷം കരാർ ദുർബലപ്പെടുന്നതാണെന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. കരാർ നിബന്ധനകളും അപൂർണ്ണമാണ്. കൂടുതൽ പ്രവൃത്തികളിലും യഥാസമയം കരാർ ചമക്കപ്പെട്ടിട്ടില്ല. ആയതിനാൽ പ്രവൃത്തികളുടെ പൂർത്തീകരണത്തിലും കാലതാമസം നേരിട്ടു. 01.07.15ൽ സെലക്ഷൻ നോട്ടീസ് നൽകിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാർ 14.07.15നു മുൻപ് ചമക്കേണ്ടിയിരുന്നു. എന്നാൽ യഥാസമയം കരാർ ചമക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്റ്റിന്റെ പേര് | കരാറുകാരന്റെ പേര്, കരാർ തീയതി | ബിൽ തുക, നം, തീയതി. | കരാർ തുക (പി.എ.സി) | ഈടാക്കേണ്ടിയിരുന്ന പിഴ(1%) |
|---|---|---|---|---|---|
| 1. | ഹോമിയോ ആശുപത്രിക്ക് ടോയിലറ്റ് | വി.സലിംകുമാർ, 28.07.15 | 98,491/- 18/30.09.15 | 99,500 | 995 |
| 2. | മുതലമുക്ക് കണ്ണംതറ റോഡ് മെറ്റലിംഗ്, ടാറിംഗ് | മണിലാൽ, 17.07.15 | 3,93,561/- 32/17.12.15 | 3,96,000 | 3960 |
| 3. | മുണ്ടപ്പള്ളി കോടാന്തറ റോഡ് മെറ്റലിംഗ് | ശ്രീവല്ലഭൻ, 20.07.15 | 1,44,407/- 64/15.03.16 | 1,53,450 | 1535 |

| | | | | | |
|---|---|---|---|---|---|
| 4. | തുണ്ടിൽ പടീറ്റതിൽ കൊറ്റിനാട് റോഡ് മെറ്റലിംഗ് | രമേഷ്, 23.07.15 | 3,86,981/- 61,66/28.03.16 | 3,96,000 | 3960 |
| 5. | പി.എച്ച്.സിയ്ക്ക് ലാബ് കെട്ടിട നിർമ്മാണം | സജീവ് എം, 28.07.15 | 2,98,631/- 41/20.01.16 | 3,09,870 | 3099 |
| 6. | പുതുവേലി പയ്യമ്പള്ളി റോഡ് മെറ്റലിംഗ് | മണിലാൽ, 17.07.15 | 3,94,651/- 26/29.10.15 | 3,96,000 | 3960 |
| 7. | കവറാട്ട് ഇടക്കണ്ണണമ്പള്ളി റോഡ് ടാറിംഗ് | കരുണാകരൻ, 17.07.15 | 2,95,158/- 45/20.01.16 | 2,96,970 | 2970 |
| 8. | പഴയചിറ ഒറ്റതെങ്ങ് റോഡ് മെറ്റലിംഗ് | മനോഹരൻ, 23.07.15 | 2,93,438/- 12/23.09.15 | 2,98,500 | 2985 |
| | ആകെ | | | | 23464 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കരാറുകാരിൽ നിന്നും തുക ഈടാക്കുന്നതാണെന്ന മറുപടിയാണ് ഹാജരാക്കിയത്. തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഫൈൻ ഈടാക്കാതെ ബിൽ തുക നൽകിയത് മൂലം പഞ്ചായത്തിന് 23,464/- രൂപ അധിക ചെലവുണ്ടായിട്ടുണ്ട്. അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആയത് തിരിച്ച് പിടിക്കേണ്ടതാണ്.

## 3-4 മണ്ണുഫില്ലിംഗ് പ്രവൃത്തികളിൽ പൊതുമരാമത്ത് മാന്വലിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

താഴെ പറയുന്ന മണ്ണുഫില്ലിംഗ് പ്രവൃത്തിയിൽ എം.ബുക്കിൽ പ്രീമെഷർമെന്റായാണ് അളവ് രേഖപ്പെടുത്തിയിരിക്കുന്നത്. പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2109 പ്രകാരം മണ്ണുഫില്ലിംഗ് പ്രവൃത്തികളിൽ ലവൽ മെഷർമെന്റ് എടുക്കാതെ ടേപ്പ് മെഷർമെന്റിന്റെ അടിസ്ഥാനത്തിൽ അളവ് രേഖപ്പെടുത്തുന്ന സംഗതിയിൽ 10 % കുറവ് വരുത്തിയാവണം തുക അനുവദിക്കേണ്ടതെങ്കിലും താഴെ പറയുന്ന പ്രവൃത്തിയിൽ അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഇനം നം. | ചെയ്ത അളവ്, പ്രതിഫലം നൽകിയ അളവ്, നിരക്ക് തുക | അനുവദനീയമായ അളവ് (10% കുറവ് ചെയ്തതിന് ശേഷം), നിരക്ക്, തുക | നഷ്ടം |
|---|---|---|---|---|---|
| 1. | പുതുവേലി പയ്യമ്പള്ളി റോഡ് മെറ്റലിംഗ് 3,94,651/- (26/29.10.15) മണിലാൽ – കരാറുകാരൻ എം. ബുക്ക് നം – 7/15-16 | 2 | $186m^3$@907.92/$m^3$= 1,68,873 | $167.4m^3$@907.92/$m^3$= 1,51,986 | 16887 |
| 2. | കണ്ണാടിശ്ശേരിൽ കളിക്കൽ റോഡ് ഗ്രാവലിംഗ്, വിഷ്ണു (കൺവീനർ) | 2 | $213m^3$ @789.5/$m^3$ = 1,68,164 | 191.7@789.5/$m^3$= 1,51,347 | 16817 |

| | | | | | |
|---|---|---|---|---|---|
| | 2,01,289/-, (20/29.10.15)<br>എം. ബുക്ക് നം. – 24/15-16 | | | | |
| 3. | കുട്ടംകൈത തോട്ടുചിറ റോഡ് ഗ്രാവലിംഗ്,<br>തങ്കപ്പൻ (കൺവീനർ) 1,93,737/-, (18/<br>എം. ബുക്ക് നം. – 15/15-16 | 2 | 182.05$m^3$@789.5/$m^3$=<br>1,43,728 | 163.85$m^3$@789.5/$m^3$=<br>1,29,360 | 14368 |
| 4. | കരിപ്പൂത്തറ ചെമ്പുറോഡ് ഗ്രാവലിംഗ്<br>സുനിൽ കുമാർ (കൺവീനർ)<br>1,91,422/- (9/)<br>എം. ബുക്ക് നം. – 14/15-16 | 2 | 186.88$m^3$@785.7/$m^3$=<br>1,46,832 | 168.192@785.7/$m^3$=<br>1,32,148 | 14684 |
| | | | | | 62756 |

മേൽ അപാകതക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പവർ റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ നടത്തുന്ന പ്രവൃത്തികളിൽ യാതൊരു വിധ കുറവും വരുത്തേണ്ടതില്ലായെന്ന മറുപടിയാണ് നൽകിയത്. എന്നാൽ നിരീക്ഷണ ഡാറ്റായിൽ 20 സെ.മീ. കനത്തിൽ മണ്ണ് വിരിച്ച് വെള്ളം ഒഴിച്ച് ഡീസൽ റോഡ് റോളർ ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്യുന്നതിനുള്ള ചെലവും പ്രസ്തുത നിരക്കിൽ ഉൾപ്പെട്ടിട്ടുണ്ട്. എങ്കിലും ടി പ്രവൃത്തികളുടെ കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് രേഖകളിൽ ഡീസൽ റോളർ ഉപയോഗിച്ച് മണ്ണ് കൺസോളിഡേറ്റ് ചെയ്തതിന്റെ റോളർ വാടക, ഡീസൽ എന്നീ ചെലവുകൾ ഉൾപ്പെടുന്നില്ല. ഇതിൽ നിന്നും റോളർ ഉപയോഗിച്ച് കൺസോളിഡേഷൻ നടന്നിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. അതിനാൽ മറുപടി അംഗീകരിക്കുന്നില്ല.
പൊതുമരാമത്ത് മാന്വവലിലെ നിർദ്ദേശങ്ങൾ പാലിക്കുന്നതിലെ വീഴ്ച കാരണമുണ്ടായ അധിക ചെലവ് 62,756/- രൂപ ഓഡിറ്റിൽ അനുവദിക്കുന്നില്ല. ആയത് തിരിച്ച് പിടിക്കേണ്ടതാണ്.

## 3-5 കാലിത്തൊഴുത്ത് നിർമാണം - രേഖകൾ അപൂർണ്ണം

പ്രോജക്ട് നം – S0049/15-16
ചെലവ് – 500000/-രൂപ

| | |
|---|---|
| ബിൽ നം – 2/16,15-3-16 | 170000 |
| ബിൽ നം - 3/16,28-3-16 | 180000 |
| ബിൽ നം - 4/16, 30-3-16 | 150000 |

പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 50 ഗുണഭോക്താക്കൾക്ക് 10000/- രൂപ വീതം സബ്സിഡി അനുവദിച്ചു. ഇതിന്റെ രേഖകൾ പരിശോധിച്ചതിൽ ചുവടെ ചേർത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി.

1. ഒട്ടുമിക്ക ഗുണഭോക്താക്കളും നിശ്ചിത മാതൃകയിലല്ല അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. റേഷൻ കാർഡിന്റെ പകർപ്പുകൾ മാത്രമാണ് പല ഗുണഭോക്താക്കളും അപേക്ഷ എന്ന രീതിയിൽ ഹാജരാക്കിയിട്ടുള്ളത്.
2. പണി പൂർത്തിയാക്കിയ കാലിത്തൊഴുത്തിന്റെ ഫോട്ടോ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഇല്ല. ഇത്തരം അപാകതകൾ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ഭവന നിർമാണം- ആദ്യഗഡു കൈപ്പറ്റി നിർമാണം പൂർത്തീകരിച്ചിട്ടില്ല

2014-15 വർഷം ആരംഭിച്ച (S0093/14-15) പ്രോജക്ടിന്റെ ഭാഗമായി ആദ്യഗഡു കൈപ്പറ്റിയ ചുവടെ പേര് ചേർത്തിരിക്കുന്ന ഗുണഭോക്താക്കൾ ഭവന നിർമാണം പൂർത്തീകരിച്ചിട്ടില്ല എന്ന രേഖകൾ പരിശോധിച്ചതിൽ കാണുന്നു.

1. ബീന, മാന്തറ പടീറ്റതിൽ, താമല്ലാക്കൽ തെക്ക് എന്ന ഗുണഭോക്താവ് 40,000/- രൂപ (ആദ്യ ഗഡു) കൈപ്പറ്റി അടിത്തറ പണിതിട്ടുണ്ട്. 05-02-2016 ന് മുമ്പായി പണിപൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റണമെന്ന് വി.ഇ.ഒ ടിയാളെ അറിയിച്ചിട്ടുണ്ട്. എന്നാൽ ആധാരം രജിസ്റ്റർ ചെയ്യുവാനും തുടർപണികൾ ആരംഭിക്കുവാനും സാധിക്കാത്തതിനാലും തുക പലിശ സഹിതം തിരിച്ചടക്കുവാൻ തയ്യാറാണന്ന് ടിയാൾ അറിയിച്ചിട്ടുണ്ട് (കത്തിന്റെ പകർപ്പുണ്ട് ).
2. ഗുണഭോക്താവായ ചെല്ലമ്മ, ഷൈനി നിവാസ്, എരിക്കാവ് ആദ്യ ഗഡു 40000/- രൂപ കൈപ്പറ്റി അടിത്തറ പണിതിട്ടുണ്ട്. വീടിന്റെ പണി പൂർത്തിയാക്കി ബാക്കി തുക കൈപ്പറ്റേണ്ടതാണെന്നും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ അടപ്പിക്കുന്നതാണന്നും വി.ഇ.ഒ. ടിയാളെ അറിയിച്ചിട്ടുണ്ട്. എന്നാൽ പണികൾ തുടർന്ന് നടത്തിയിട്ടില്ലാത്തതിനാൽ ആദ്യഗഡു തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർവഹണ ഉദ്യോഗസ്ഥൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്.

   ഈ സാഹചര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് തുക ഈടാക്കിയ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി- മെറ്റീരിയൽ വർക്കുകൾ - കരാറുകാരിൽ നിന്നും വാറ്റ് ഈടാക്കിയതിൽ കുറവ്

2003 ലെ വാറ്റ് ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നികുതി കോമ്പൗണ്ട് ചെയ്യാത്ത കരാറുകാർ വിവിധ സാധനസാമഗ്രികൾ സപ്ലൈ ചെയ്യുമ്പോൾ അതാതു കാലയളവിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ വാറ്റ് അടയ്ക്കുവാൻ/ഈടാക്കുവാൻ ബാധ്യസ്ഥരാണ്. ഗ്രാമപഞ്ചായത്തിൽ 2015 – 16 വർഷം ദേശീയ ഗ്രാമീണ തൊഴിലുറപ്പപദ്ധതിയിൽ ഉൾപ്പെടുത്തി നിർവ്വഹിച്ച 4വിവിധ നടപ്പാത കോൺക്രീറ്റിംഗിന് വേലകൾക്കാവശ്യമായ മെറ്റീരിയൽസ് കരാറുകാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് കരാർ വെച്ചാണ് വാങ്ങിയിട്ടുള്ളത്. ക്വാറി മക്ക് ഒഴികെയുള്ള മെറ്റീരിയൽസ് വാങ്ങിയതിന്റെ കരാറുകാരന്റെ പേരിലുള്ള ടിൻ നമ്പർ ഉള്ള സ്ഥാപന ബിൽ ഹാജരാക്കിയിട്ടുണ്ട്.

ചേടുമ്പള്ളിൽ പുന്നേരിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് എന്ന പ്രവൃത്തിയിക്ക് സഹദേവൻ,തോമസ് ഫിലിപ്പ് എന്നീ രണ്ട് വ്യക്തികളാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. കുറഞ്ഞ നിരക്കായ എസ്റ്റിമേറ്റ് നിരക്ക് ക്വോട്ട് ചെയ്ത തോമസ് ഫിലിപ്പിന്റെ ടെണ്ടർ അംഗീകരിച്ച് ടി വ്യക്തി പഞ്ചായത്തുമായ് കരാർ ചമച്ചിട്ടുണ്ട് (32/15-16). എന്നാൽ സാധനങ്ങൾ വാങ്ങിയതിന്റെ ബിൽ/ ഇൻവോയിസ് സഹദേവന്റെ പേരിലുള്ളതാണ്. സഹദേവന്റെ പേരിലുള്ള ബിൽ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

ഇത് സംബന്ധമായി നൽകിയ ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് കരാറുകാർ ക്വാറി മക്കിന്റെ വിലയുടെ 4% നികുതി പഞ്ചായത്തിൽ ഒടുക്കിയതിന്റെ രസീത് ഹാജരാക്കി. സഹദേവൻ,തോമസ് ഫിലിപ്പ്,ഉണ്ണികൃഷ്ണൻ എന്നീ കരാറുകാർ മെറ്റീരിയൽസ് സപ്ലൈക്കായി വാണിജ്യ നികുതി വകുപ്പിൽ നികുതി കോമ്പൗണ്ട് ചെയ്തതിന്റെ രേഖകൾ ഹാജരാക്കാത്ത സാഹചര്യത്തിൽ ടി വ്യക്തികളിൽ നിന്നും 14.5% നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ വിവരം | കരാറുകാരൻ | സാധനങ്ങളുടെ | ഈടാക്കേ | ഈടാ | ബാലൻസ് |
|---|---|---|---|---|---|

| | | വിവരം, അളവ്, തുക | ണ്ടിയിരുന്ന നികുതി (14.5%) | ക്കിയ നികുതി (4%) | നികുതി |
|---|---|---|---|---|---|
| പുളിമൂട്ടിൽ മീനത്തേമൂലയിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ്, | സഹദേവൻ | ക്വാറി സാന്റ് 122.85m$^3$@ 1007= 123710 | 17938 | 4950 | 12988 |
| ഇടക്കണ്ണമ്പള്ളിൽ കൊടന്തറ ഫുട്പാത്ത് കോൺക്രീറ്റിംഗ് | സഹദേവൻ | ക്വാറി സാന്റ് 178.6@1007= 179850 | 26,078 | 7200 | 18878 |
| പാന്തർ ലക്ഷം വീട് ഫുട്പാത്ത് കോൺക്രീറ്റിംഗ് | ഉണ്ണികൃഷ്ണൻ | ക്വാറി സാന്റ് 54.50@1007= 54882 | 7958 | 2200 | 5758 |
| ചേട്ടമ്പള്ളിൽ പുന്നേരിൽ ഫുട്പാത്ത് കോൺക്രീറ്റിംഗ് | തോമസ് ഫിലിപ്പ് | ക്വാറി സാന്റ് 55 @1007= 55385 | 8031 | 2220 | 5811 |
| | | എം സാന്റ് 14.4m$^3$@2600= 37440 | 5429 | 0 | 5429 |
| | | എം സാന്റ് 6.75m$^3$@2600= 17550 | 2545 | 0 | 2545 |
| | | മെറ്റൽ 20mm 13.5m$^3$@1650= 22275 | 3230 | 0 | 3230 |
| | | മെറ്റൽ 40mm 28.5m$^3$@1400= 39900 | 5786 | 0 | 5786 |
| | | സിമന്റ് 201 bag@375= | 10929 | 0 | 10929 |

| | | | | | |
|---|---|---|---|---|---|
| | | 75375 | | | |
| | | ആകെ | | | 71354 |

മേൽ പ്രകാരമുള്ള നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കേണ്ടതാണ്.

## 3-8 പോക്കാട്ടുതല വട്ടുതല റോഡ് ടാറിംഗ്- നികുതി കോമ്പൌണ്ട് ചെയ്യാത്ത കരാറുകാരനിൽ നിന്നും നികുതി ഈടാക്കിയതിൽ കുറവ്.

പ്രോജക്റ്റ് നം – S0023/16

ചെലവ് തുക – 2,84,052/- (ബിൽ നം. 79/31.03.16)
ഗോപാലകൃഷ്ണൻ. കെ, തുണ്ടിൽ കിഴക്കതിൽ എന്ന വ്യക്തി കരാർ ചമച്ച ഈ പ്രവൃത്തിയുടെ ആകെ മൂല്യത്തിൽ നിന്നും 4% വാറ്റാണ് ഈടാക്കിയിട്ടുള്ളത്. 2003 ലെ കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം വാണിജ്യ നികുതി വകുപ്പ് നൽകുന്ന ഫോറം 1 ഇ. ഇ. പ്രകാരമുള്ള കോമ്പൗണ്ടിംഗ് സർട്ടിഫിക്കറ്റ് നൽകുന്നവരിൽ നിന്നുമാണ് 4% നികുതി ഈടാക്കേണ്ടത്. ആലപ്പുഴ വാണിജ്യ നികുതി ഓഫീസിൽ നിന്നുള്ള 10.02.2016ലെ കത്ത് പ്രകാരം 8% നിരക്കിൽ 10.02.2016 മുതൽ 30ദിവസത്തേക്കുള്ള സർട്ടിഫിക്കറ്റാണ് ടി വ്യക്തിക്ക് നൽകിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ അവസാന മൂല്യ നിർണ്ണയം നടത്തിയിരിക്കുന്നത് 07.01.16 ലാണ്. ആയതിനാൽ ടി വ്യക്തിയിൽ നിന്നും 14.5% നികുതി ഈടാക്കേണ്ടതാണ്. എം ബുക്കിൽ (46/15-16) മൂല്യം നിർണ്ണയിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.

| | |
|---|---|
| ആകെ മൂല്യം | 2,98,876.36 |
| ടെണ്ടർ കുറവ് | 2,988.76 |
| പിഴ | 11,836.00 |
| | 2,84,052.00 |
| വാറ്റ്(4%) | 11,632.00 |
| ഐ.റ്റി(1%) | 2,841.00 |
| കെ.സി.ഡബ്ല്യ.ഡബ്ല്യ.എഫ് (1%) | 2,841.00 |
| | 2,67,008.00 |

2,84,052 ന്റെ 14.5% ആയ 41,188/- രൂപയാണ് വാറ്റ് ഇനത്തിൽ ഈടാക്കേണ്ടത് എന്നിരിക്കെ ഈടാക്കിയിരിക്കുന്നത് 11,632/- രൂപയാണ്. 29,556/- രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നും ഈടാക്കി വാണിജ്യ നികുതി ഓഫീസിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 3-9 പാലിയേറ്റീവ് കെയർ- സർക്കാർ ഉത്തരവ് പൂർണ്ണമായും പാലിച്ചിട്ടില്ല

29-10-15 ലെ ജി.ഒ (ആർ.ടി) 3217/15, LSGD നം സർക്കാർ ഉത്തരവിൽ പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് ഓരോ

മാസത്തേയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും വിലയിരുത്തി അംഗീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 4/15, 22-12-15, 15-1-16, 2/16 തീയതികളിൽ യോഗം ചേർന്നിട്ടുണ്ടെങ്കിലും വരവ്-ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടില്ല. സർക്കാർ നിർദ്ദേശാനുസരണം പ്രവർത്തിയ്ക്കേണ്ടതാണ്.

## 3-10 പാലിയേറ്റീവ് കെയർ നിർവ്വഹണക്കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് കൊണ്ടുപോകുന്നതിനായി തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർമാനായി ഒരു പാലിയേറ്റീവ് കെയർ നിർവ്വഹണക്കമ്മിറ്റി രൂപീകരിക്കണമെന്നും എല്ലാമാസവും 5-ാം തീയതിക്കു മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ പ്രവർത്തനം നിർവ്വഹണം വിലയിരുത്തേണ്ടതാണെന്നും സർക്കാർ നിർദ്ദേശമുണ്ട്. എന്നാൽ പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടില്ല. (ജി.ഒ (ആർ.ടി)3217/15/എൽ.എസ്.ജി.ഡി/ 29.10.2015) സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കേണ്ടതാണ്.

## 3-11 തെരുവു നായ്ക്കളുടെ വന്ധ്യംകരണം- തുക വിനിയോഗിച്ചിട്ടില്ല

പ്രോജക്ട് നം – S0155/15-16

ചെലവ് – 200000/- രൂപ, ബിൽ നം-25/15-16, 27-12-15

പ്രസ്തുത പ്രോജക്ടിനായി വകയിരുത്തിയ 200000/- രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പിൻവലിച്ച് നിർവഹണ ഏജൻസിയായ ജില്ലാപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് നടപ്പാക്കിയിട്ടില്ല. ആയത് പൂർത്തിയാകുന്ന മുറക്ക് തുകയുടെ വിനിയോഗസാക്ഷ്യ പത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. തുക 200000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-12 മെമ്മോ ഓഫ് പേയ്മെന്റ് തയ്യാറാക്കിയതിലെ അപാകത - പഞ്ചായത്ത് ഫണ്ടിന് വരവ് നഷ്ടം.

2015-16 വർഷം നിർവ്വഹിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ നിന്നും നേരിട്ട് പ്രവൃത്തികളുടെ കാലതാമസത്തിനുള്ള പിഴ കുറവ് ചെയ്യുത് കാരണം പഞ്ചായത്തിന്റ ദൈനം ദിന ചെലവുകൾക്ക് ഉപയോഗിക്കാമായിരുന്ന തുക കുറവ് വന്നിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| പ്രോജക്ടിന്റെ പേര് | ആകെ മൂല്യത്തിൽ നിന്നും<br>പിഴ ഇനത്തിൽ കുറവ് ചെയ്ത തുക |
|---|---|
| പോക്കാട്ടുതല വട്ടുതല റോഡ് ടാറിംഗ് | 11836 |
| ഉണ്ടിൽ പടീറ്റതിൽ കൊറ്റിനാട് റോഡ് മെറ്റലിംഗ് | 7898 |

| | |
|---|---|
| മുണ്ടപ്പള്ളി കോടാന്തറ റോഡ് മെറ്റലിംഗ് | 2947 |
| കാരാന്തറ നാലുകണ്ടത്തിൽ റോഡ് ടാറിംഗ് | 3791 |
| ആകെ | 26472 |

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.10.07 ലെ സർക്കുലർ നം. 59827/എഫ്.എം/07 പ്രകാരം കരാറുകാരനിൽ നിന്നും ഈടാക്കുന്ന പിഴ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടാവുന്നതാണെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ആകെ മൂല്യത്തിൽ നിന്നും പിഴ കുറവ് വരുത്തിയത് കാരണം പദ്ധതി ചെലവിലും കുറവ് സംഭവിച്ചു. അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്ക് പരിശോധന - അപാകതകൾ

1. ബാലൻസ്ഷീറ്റ് B-18 ൽ അഡ്വാൻസ് ടു അദേഴ്സ് ഇനത്തിൽ 1,69,295/- രൂപ മൈനസ് ആയി കാണിച്ചിരിക്കുന്നു.
2. ബാലൻസ്ഷീറ്റ് B-18 ൽ ഫെസ്റ്റിവൽ അഡ്വാൻസ് 65,700/- രൂപ തിരികെ കിട്ടുവാനുള്ളതായി കാണിക്കുന്നു. എന്നാൽ ടി തുക 2015-16 ൽ തന്നെ തിരികെ ലഭിച്ചതാണ്.
3. ധനകാര്യ വർഷത്തെ ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷത്തെ സ്റ്റോർ പർച്ചേസുകളുടെ മൂല്യം, ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവയുൾപ്പെടുത്തിയുള്ള സ്റ്റോക്ക് റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല.
4. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ് വെയറുമായി സംയോജിപ്പി ക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ (എം.എസ്) 152/11/തസ്വഭവ തീയതി. 26.07.2011) നടപ്പാക്കിയിട്ടിയില്ല.

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം. | തുക ലഭിച്ച വർഷം. | ലഭിച്ച തുക. | പ്രോജക്ടിന്റെ പേര്, വർഷം | ചെലവ്. | ബാലൻസ്. |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത്. | 2015-16 | 62,850 | 2014-15, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 62,850 | - |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 62,850 | 2014-15, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്. | 62,850 | - |

2015-16 ലെ ശാരീരിക മാനസിക വെല്ലു വിളിനേരിടുന്നവർക്ക് സ്കോളർഷിപ്പ് എന്ന സംയുക്ത പദ്ധതിക്കായി ലഭിക്കേണ്ടിയിരുന്ന ജില്ലാ പഞ്ചായത്ത് വിഹിതം (50,350/-) ഇതേ വരെയും ലഭിച്ചിട്ടില്ല.

## 4-3. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് തുക ചെലവഴിച്ചിട്ടില്ല.

## 4-4. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| പ്രോജക്ടിന്റെ പേര് | ചെലവ് തുക | റിമാർക്സ് |
|---|---|---|
| എസ്.സി കുട്ടികൾക്ക് പഠന മുറി | 60,000 (3x20000) | 2015-16 ൽ ഒരാളുടെ പഠന മുറി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ |
| എസ്.റ്റി കുട്ടികൾക്ക് പഠനമുറി | 60,000 (3x20000) | |
| | 1,20,000 | |

## 4-5. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി. | 323/2010/ തസ്വഭവ. തീ.29.01.2010 | 11610000 | 5805000 | 1161000<br>225781<br>540331 | - | 3877888 |

## 4-6. സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## 4-7. ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം ഗ്രാമപഞ്ചായത്തിൽ ഒടുക്കിയ തുകയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2002-03 | 3-10(2) | 1224 | പി.സാബു,കൺവീനർ | 11503101888/22.09.2015 |
| 2006-07 | 3-9 | 807 | സിന്ധു മോഹനൻ | 11503102242/12.10.2015 |
| 2001-02 | 3-1(1) | 1866 | കൃഷ്ണൻ കുട്ടി,<br>മുൻ സെക്രട്ടറി | 11503103160/08.01.2016 |
| 2009-10 | 3-24 | 1470 | ഇംതിയാസ് അഹമ്മദ്,<br>മുൻ സെക്രട്ടറി | 11503103568/08.02.16 |
| | | 5367 | | |

## 4-8. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1999-2000 | 3-33 | 2001-02 | മണ്ഡരി നിവാരണവും തെങ്ങുകൾക്ക് മരുന്ന് തളിയും | പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. |

## 4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,50,39,822/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,16,75,665/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,04,156/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,76,284/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 17,936 | രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>പെന്റാലിയോൺ. എ. ജെ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-3 | | 23464 | രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-4 | | 62756 | രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| | ആകെ | 1,04,156 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 1,82,697/- | രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ<br>എ.ജെ. പെന്റാലിയോൺ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-2 | 3,93,587/- | രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| 3-11 | 2,00,000/- | പി. എ. ഗീവർഗ്ഗീസ്, സെക്രട്ടറി |
| ആകെ | 7,76,284/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക, ഇനം | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 71354/- (വാറ്റ്) | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 3-8 | 29556 (വാറ്റ്) | രാജൻ, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| രാജൻ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കരുവാറ്റ/കുമാരപുരം ഗ്രാമപഞ്ചായത്ത് | ഷൈലജാ ഭവനം<br>ചുനക്കര നോർത്ത് |
| പെന്റാലിയോൺ.എ.ജെ<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ്<br>എഞ്ചനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ<br>ചമ്പക്കുളം ബ്ലോക്ക് പഞ്ചായത്ത് | കുട്ടുങ്കൽ ഹൗസ്<br>പുന്നപ്ര.പി.ഒ, ആലപ്പുഴ<br>688004 |

## 4-10. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 മുതൽ 2005-2006വരെ | എൽ.എഫ്.ജി.എ.5.1832/11/2011/ 12.02.12 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2006-07മുതൽ 2009-2010വരെ | എൽ.എഫ്.ജി.എ.5.1577/2013/ 12.05.2014 | | ഓഡിറ്റ് അദാലത്തിൽ പരിഗണിച്ചത് |
| 2010-2011, 2011-2012 | എൽ.എഫ്.എപി3-48/2013/07.02.13/ 10.04.13 | | |
| 2012-2013 | എൽ.എഫ്.എപി11-79/2015/26.03.15/ 05.05.15 | | |
| 2013-2014 | കെ.എസ്.എ/എ.പി.ഇസഡ്-പി11/678/15 | | |
| 2014-2015 | കെ.എസ്.എ/എഎൽ.പി/പി11-550/16/ 31.05.16 | | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.

നം. കെ.എസ്.എ-എ.എൽ.പി-പി11-1564/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

ഇ-മെയിൽ - ddhglfalpy@gmail.com
ഫോൺ – 0477 2252753

തീയതി. 06.01.2017

## *ഓഡിറ്റ് സർട്ടിഫിക്കറ്റ്*

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ *കുമാരപുരം* ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ഖണ്ഡിക 4-1 ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ *കുമാരപുരം* ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP-P11-1564/16

Kerala State Audit Department,

District Audit Office,Alappuzha.
Phone – 0477 2252753.

E-mail – ddhglfalpy@gmail.com

Date: 06.01.2017

## *AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of *Kumarapuram* Grama Panchayat in Alappuzha District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of panchayats.

In my opinion, the Financial Statements of *Kumarapuram* Gramapanchayat for the year 2015-16 except the observations in my audit report Para 4-1, properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

Alappuzha